# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 803</u> <u>07.02.2013 ൽ മറുപടിക്ക്</u>

**<u>കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം 8 മണിക്കൂറാക്കി കുറച്ചതിനാൽ ദിനംപ്രതി ഇവിടെയെത്തുന്ന ആയിരക്കണക്കിന് വരുന്ന സാധാരണക്കാരായ രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാളുകളായി നിർത്തിവച്ചിരുന്ന ഉച്ച തിരിഞ്ഞുള്ള ഒ.പി. 3.1.2013 ൽ പുനരാരംഭിച്ചിട്ടുണ്ട്. കാലടി സി.എച്ച്.സിയിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. |
| (ബി) ഇവിടെ ആവശ്യമുള്ള അധിക തസ്തികകൾ നികത്തുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? | (ബി) കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ 3 തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ 1.1.2013 ൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ